ശ്രീ. എം. തോമസ് : സ്വകാര്യ ആശുപത്രി ജീവനക്കാരുടെ ജോലി ഒരു പ്രത്യേകതരം ജോലിയാണ്. അറന്റഡറായും നേഴ്സായുമൊക്കെ ജോലി ചെയ്യുന്ന അവർക്ക് ഇന്നുള്ള വലിയ ബുദ്ധിമുട്ട് ജോലിസ്ഥിരതയില്ലായ്മയാണ്. അവരുടെ ജോലിസ്ഥിരത, സേവനവ്യവസ്ഥകൾ ഇതെല്ലാം ഉറപ്പാക്കാവുന്ന ഒരു പുതിയ നിയമം ഈ സഭയിൽ അവതരിപ്പിച്ചുപാസാക്കി നടപ്പിൽവരുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; അങ്ങനെ ചെയ്യുന്നതല്ലേ ഈ ജോലിയുടെ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ ശരി ?

ശ്രീ. വക്കം പുരുഷോത്തമൻ : സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം, അവർക്ക് നിലവിലുള്ള നിയമങ്ങളുടെ ആനുകൂല്യങ്ങൾ കൊണ്ടുചെന്നെത്തിക്കണമെന്നും സംരക്ഷണം നൽകണമെന്നും ഗവൺമെന്റിനു താൽപര്യമുള്ളതിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചത്. എന്നാൽ സ്വകാര്യ ആശുപത്രികളിൽ ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ശുശ്രൂഷാസൗകര്യങ്ങൾ നഷ്ടപ്പെടുത്തത്തക്കവണ്ണം തൊഴിൽ നിയമങ്ങൾ ഉണ്ടാക്കണമെന്നും അങ്ങനെ ആ സൗകര്യങ്ങൾ നശിപ്പിക്കണമെന്നും ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

ജലനികുതി ഇളവുചെയ്യാൻ നിർദ്ദേശം

* 61. [88] ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : താഴെ കാണുന്ന ചോദ്യത്തിന് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

ഇക്കൊല്ലത്തെ മഴക്കുറവുകൊണ്ട് ജലസേചനത്തിന് വെള്ളം ലഭിക്കായ്കയാൽ വിളനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് ജലനികുതി ഇളവനുവദിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

വനവും ജലസേചനവും മന്ത്രി (ഡോക്ടർ കെ. ജി. അടിയോടി) :

ജലസേചന പദ്ധതികളിൽനിന്ന് വെള്ളം ലഭിക്കായ്കമൂലം ഭാഗികമായോ പൂർണ്ണമായോ വിളനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് വിളനഷ്ടത്തിന്റെ തോതനുസരിച്ച് ജലസേചന നികുതി ഇളവനുവദിക്കുവാൻ ജലസേചനച്ചട്ടങ്ങളിൽ ഇപ്പോഴത്തന്നെ വ്യവസ്ഥകളുണ്ട്. എന്നാൽ പൊതുവായി ജലസേചന നികുതി ഇളവനുവദിക്കുവാൻ ജലസേചന നിയമങ്ങളിലോ ചട്ടങ്ങളിലോ വ്യവസ്ഥയില്ല.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞ ആനുകൂല്യങ്ങൾ കിട്ടണമെങ്കിൽ കൃഷിക്കാർ എന്താണ് ചെയ്യേണ്ടത് ?

ഡോക്ടർ കെ. ജി. അടിയോടി : ഭാഗികമായി കൃഷി നശിക്കുകയോ, ജലസേചനസൗകര്യങ്ങൾ തീരെ കിട്ടാതിരിക്കുകയോ ചെയ്യുന്ന കൃഷിക്കാർ നഷ്ടം സംഭവിക്കുന്ന കാലയളവിൽത്തന്നെ റവന്യൂ ഡിവിഷണൽ ഓഫീസറെ അറിയിക്കുകയും ഇളവിനുവേണ്ടി പ്രത്യേക അപേക്ഷ കൊടുക്കുകയും വേണം. അങ്ങനെ നൽകുന്ന അപേക്ഷയിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർ, ജില്ലാ കളക്ടർ, ബോർഡ് മെമ്പർ ഇവർക്കെല്ലാം ഇളവ് അനുവദിക്കാനുള്ള അധികാരമുണ്ട്. റവന്യൂ ഡിവിഷണൽ ഓഫീസർ അനുവദിക്കുന്നതുക കുറവാണെന്ന് തോന്നുകയാണെങ്കിൽ, അല്ലെങ്കിൽ കൂടുതൽ അപ്പീൽ ആവശ്യമാണെന്ന് കൃഷിക്കാരന് തോന്നുകയാണെങ്കിൽ ഡിസ്ട്രിക്റ്റ് കളക്ടറെ സമീപിക്കാവുന്നതാണ്. അവിടെയും ന്യായമായ ഇളവ് അനുവദിക്കുന്നില്ലെന്ന് തോന്നിയാൽ ബോർഡ് ഓഫ് റവന്യൂവിന് അപേക്ഷ സമർപ്പിക്കാനുമാണ് ഇപ്പോൾ നമ്മുടെ നിയമത്തിലുള്ള വ്യവസ്ഥകൾ. പൊതുവായി ഒരു പ്രദേശത്ത് എന്തെങ്കിലും തകരാറുകൾ പററിയിട്ടുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് അത്താത് സമയത്ത് മറ്റ് കൃഷി നാശത്തിന് ജില്ലാ കളക്ടർ ഇളവ് അനുവദിക്കുന്നതുപോലെ അനുവദിക്കാനുള്ള അവകാശം അവർക്കുണ്ട്.

ശ്രീ. പി. പി. കൃഷ്ണൻ : 1956-57 കാലത്ത് ലോക്കൽ ഡെവലപ്പ് മെന്റ് സ്കീം പ്രകാരം കുളങ്ങളും നിർമ്മിക്കുകയും ചിറ കെട്ടുകയും ചെയ്തിട്ട് ഇപ്പോഴും പൊതുവിൽ ജലനികുതി ചുമത്തിയിട്ടുണ്ടോ ? അങ്ങനെ ഉണ്ടെങ്കിൽ കൃാൻസൽ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഡോക്ടർ കെ. ജി. അടിയോടി : ജലനികുതി പിരിച്ചെടുക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പക്ഷെ ജലസേചനസൗകര്യങ്ങളും കിട്ടുന്ന ആളുകളിൽനിന്നും അല്ലാതെ പൂർത്തിയാക്കിയ പ്രോജക്ടുകൾ അവിടെ ഉണ്ടായിരുന്നു എന്നുള്ളതുകൊണ്ട് അതിനുംകൂടി നികുതി പിരിപ്പിക്കാനുള്ള അധികാരം ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടില്ല.

ശ്രീ. ടി. കെ. ചന്ദൻ : ഈ കൊല്ലം ഈ വിളവെടുപ്പ്മൂലം ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം പദ്ധതികളിൽനിന്നും വെള്ളം ഉപയോഗിക്കുന്നവർക്കാണ് ജലനികുതി ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് പറയാമോ ?

ഡോക്ടർ കെ. ജി. അടിയോടി : അനുവദിച്ചിട്ടുള്ള കണക്കുകളെപ്പറ്റി വിവരം ശേഖരിച്ചിട്ടില്ല. പ്രത്യേകിച്ച് ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി : ജലസേചന പദ്ധതിയുടെ ആനുകൂല്യങ്ങളും കിട്ടാത്ത ഭൂമിയിൽനിന്നും ജലക്കരം ഈടാക്കുകയില്ലെന്ന് ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞു. എന്നാൽ ഇന്ന് നടക്കുന്നത് ജലസേചന പദ്ധതികളും ആവിഷ്കരിക്കുമ്പോഴുതന്നെ അതിന്റെ ആയക്കെട്ട് വിപുലമായ തോതിൽ കാണിച്ച് എസ്റ്റിമേറ്റ് വർദ്ധിപ്പിച്ച് കാണിക്കുകയും അത്തരം ഭൂമികളിൽനിന്നും ജലക്കരം പിരിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നും പരാതി കിട്ടിയാൽ ഗവൺമെന്റ് പരിശോധിച്ച് ആ ആനുകൂല്യങ്ങളും കിട്ടാത്ത ആളുകളെ ഇതിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഡോ. കെ. ജി. അടിയോടി: നടപടി സ്വീകരിച്ചിരിക്കുകയാണ്. പൊതുവെയുള്ള വ്യവസ്ഥ അതാണ്. ജലസേചന സൗകര്യം കിട്ടിയില്ലെങ്കിൽ പണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അതിൽ കാണിക്കുന്ന ആയക്കെട്ട് ഏതിയാറയിൽ പരിപൂർണ്ണമായ ജലസേചനം കിട്ടിയില്ലെങ്കിൽമാത്രം അതാത് കൃഷിക്കാർക്ക് നോട്ടീസ് കൊടുത്തതിനുശേഷം പരാതി ബോധിപ്പിക്കാൻ അവസരമുണ്ട്. അതിനുശേഷവും തർക്കമുണ്ടെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസറും എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ട ആളുകളും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ജലസേചനം കിട്ടിയെന്ന് ബോധ്യമായെങ്കിൽ മാത്രമേ നികുതി പിരിക്കുകയുള്ളൂ. അതിനുള്ള അവസരം നൽകിക്കൊണ്ടാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: ഇന്ന്, കഴിഞ്ഞ 16 വർഷക്കാലത്തെ ജലസേചന നികുതി ഒന്നാകെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ? കൃഷിക്കാരനത് പ്രയാസമുണ്ടാക്കുന്നതാണെന്നറിയാമോ ?

ഡോ. കെ. ജി. അടിയോടി : 16 വർഷത്തെ നികുതിയൊന്നും ഈടാക്കിയിട്ടില്ല. മൈനർ ഇറിഗേഷനിൽ കുറെക്കാലമായി വെള്ളം കിട്ടുന്നില്ലെന്നുള്ള പരാതി നിരന്തരമായി ഉണ്ടാകുന്നുണ്ട്. ഒന്നിച്ച് ഈടാക്കുന്നു എന്ന് പരാതി ഉള്ളതിന്റെ അടിസ്ഥാനത്തിൽ ആ നികുതി ഓരോ വർഷങ്ങളിൽ ഉള്ളത് മാത്രം പിരിക്കാൻ അധികാരം കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മേജറിൽ എല്ലാം അതാതു കാലത്തുതന്നെ പിരിക്കുന്നുണ്ട്. ഒരു വർഷത്തിൽ കൂടുതൽ ഒരുതവണ പിരിപ്പിക്കരുതെന്ന് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : ഈ പ്രൊജക്ടുകളിലെല്ലാം ഉപദേശക സമിതികളുണ്ട്. ഫസ്റ്റ് ക്രോപ്പിനു ചില പ്രദേശങ്ങളിൽ മഴ ഇല്ലാത്തതുകൊണ്ട് റിസർവോയറിൽ വെള്ളം ഇല്ലാതെവന്നതുകൊണ്ട് വെള്ളം വിട്ടുകൊടുക്കേണ്ടായെന്ന് ഉപദേശകസമിതികൂടി തീരുമാനിച്ചിട്ടുണ്ട്. വെള്ളം കിട്ടിയിട്ടില്ലെന്നുള്ളത് കളക്ടർക്കും നികുതി പിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥൻമാർക്കും അറിയാവുന്നതാണ്. അത്തരം സ്ഥലങ്ങളിൽ കൃഷിക്കാരുടെ അപേക്ഷ കാത്തുനിൽക്കാതെതന്നെ ഇളവ് ചെയ്യാൻ തയ്യാറാകുമോ ?

ഡോ. കെ. ജി. അടിയോടി : അത് സ്വാഭാവികമായും ഉദ്യോഗസ്ഥൻമാർ ചെയ്യേണ്ടതാണ്. മലമ്പുഴ പ്രൊജക്ടിന്റെ തീരത്തുള്ള സ്ഥലങ്ങളിൽ ചില സന്ദർഭങ്ങളിൽ വെള്ളം കൊടുക്കുന്നില്ല. ഒരു കാലയളവിൽ മാത്രമേ കൊടുക്കുന്നുള്ളു. ചില ഏരിയാകളെ ഉൾപ്പെടുത്താറില്ല. അത് കണക്കിലെടുത്തുകൊണ്ട് അവർ ചെയ്യേണ്ടതാണ്. ചെയ്യുന്നില്ലെന്നുള്ള പരാതി കിട്ടിയാൽ വേണ്ട നിർദ്ദേശം കൊടുക്കാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഒരു കൃഷിക്കാലത്ത് ഡാമിൽനിന്നും ഉള്ള ഏതെങ്കിലും ഒരു കനാലിൽ ജലക്ഷാമം വന്നാൽ ഓരോ കൃഷിക്കാരനും പ്രത്യേകം പ്രത്യേകം സ്റ്റാമ്പൊട്ടിച്ച പെറ്റീഷൻ കൊടുക്കണമെന്നുള്ളത് മാറ്റി ആ കനാലിന്റെ ആയക്കെട്ടിൽപ്പെട്ട എല്ലാ കൃഷിക്കാരെയും ഈ ജലസേചന നികുതിയിൽനിന്നും ഒഴിവാക്കാൻ നടപടി കൈക്കൊണ്ടുകൂടായോ ?

ഡോ. കെ. ജി. അടിയോടി : ജലനികുതി പിരിക്കാനുള്ള വ്യവസ്ഥകൾ ഇന്ന് ആക്ടിൽ മൂന്ന് മേഖലകളിലാണ് നിലവിലുള്ളത്. ഒരു ഏകീകൃത ബില്ല് സെലക്ട് കമ്മിറ്റി മുമ്പാകെ ഉണ്ട്. അതിൽ ബഹുമാനപ്പെട്ട മെമ്പറും അംഗമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കാനും മറ്റുമാണ് ഒരു ഏകീകൃത ബില്ലിന് ഈ അസംബ്ലിയിൽ തീരുമാനമെടുത്തതും സെലക്ട് കമ്മിറ്റിക്ക് റഫർ ചെയ്തതും. എല്ലാ അപാകതകളും അതിലൂടെ മാറണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഇപ്പോഴത്തെ ആക്ടനുസരിച്ചുതന്നെ ഗവൺമെന്റിന് വെള്ളം കൊടുക്കാത്ത പ്രദേശത്തെ ഒഴിവാക്കാൻ അധികാരമില്ലേ ?

ഡോ. കെ. ജി. അടിയോടി : അത് ചെയ്യാൻ അതാത് പ്രദേശത്തുള്ള ഉദ്യോഗസ്ഥൻമാർക്കാണ് അധികാരം കൊടുത്തിരിക്കുന്നത്. ഗവൺമെന്റിന് പൊതുവെ ഒരു മേഖല എടുത്ത് അവിടെനിന്നും നികുതി പിരിക്കേണ്ടതില്ലെന്ന് പറയാനുള്ള അധികാരം ഈ ആക്ടിൻ പ്രകാരം ഇല്ല.

Free Medical Camp in each Taluk

* 62. [89] **Sri Stephen Padua** : Will the Minister for Health be pleased to state :

Whether the Government will be pleased to provide sufficient funds to conduct at least a free medical camp in each taluk every year. ?

LIBRARY ARCHIVES Kerala Legislative Assembly